# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 1 : ജനവരി 2016** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

*സീലഗന്ധ സമൊ ഗന്ധൊ,*
*കുതൊ നാമ ഭവിസ്സതി,*
*യോ സമം അനുവാതെ ച,*
*പടിവാതെ ച വായതി.*

ശീലഗന്ധ സമം,
വേറെ ഏതു ഗന്ധം ഉണ്ട്,
കാറ്റിനൊപ്പവും, കാറ്റിനെതിരായും,
സമം വീശുന്നവ

**– എസ. എൻ. ഗോയങ്ക**

# ഓ! എൻറെ മനസ്സെ!

**എസ. എൺ. ഗോയങ്ക**

ഓ! എൻറെ മനസ്സെ, പറയൂ, ആരുടെ പെരുമാറ്റം കാരണമാണ് നീ ഇത്ര രോഷാകുലനായതും, ഇതേവരെ രോഷാകുലനായിക്കൊണ്ടേ പോകുകയും ചെയ്യുന്നത്? അവർ നിൻറെ പുത്രനാണൊ? അച്ഛനാണൊ? അനുജനാണൊ? അഗ്രജനാണൊ? ഭാര്യയാണൊ? ഭർത്താവാണൊ? അമ്മായിയമ്മയാണൊ? മരുമകളാണൊ? ഗുരുവാണൊ? ശിഷ്യനാണൊ? മിത്രനാണൊ? സ്നേഹിതനാണൊ? തീർച്ചയായും, തീർച്ചയായും ഇവരിലാരെങ്കിലുമായിരിക്കും. അതാണ് നിൻറ ദൌർമനസ്യം ഇപ്പോഴും പോകാനിട യാകാത്തത്. അതാണ് ഇപ്പോഴും പ്രഷർ-കുക്കർ പോലെ അകത്തോടകത്ത് തിളച്ചുകൊണ്ടേ പോകുന്നത്.

സത്യത്തിൽ ആർ എത്രക്ക് അടുപ്പമുള്ളവരൊ, അവരുടെ മോശമായ പെരുമാറ്റം അത്രക്കും അധികം കടുവായി തോന്നും. ഉറ്റ സ്വജനനല്ലാതെ, മാത്രം സാമാന്യ പരിചിതരാണെങ്കിൽ അവരുടെ മോശമായ പെരുമാറ്റം അതിവേഗം മറക്കാറുണ്ട്. എന്നാൽ തീർത്തും അപരിചിത രാണെങ്കിൽ അവരുടെ മോശമായ പെരുമാറ്റത്തിന് പലപ്പോഴും ഒരു പ്രാധാന്യവും കൊടുക്കാറേയില്ല. പക്ഷെ അങ്ങിനെ ഒരു മോശമായ പെരുമാറ്റം ഒരു ഉറ്റ സ്വജനൻ ചെയ്താൽ അത് കുറേ നേരത്തേക്ക് ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരിക്കാറുണ്ട് – വർഷങ്ങളൊളം, ചിലപ്പോൾ ജീവിതം മുഴുവനും ജ്വലിപ്പിച്ചു കൊണ്ടിരിക്കാറുണ്ട്.

ഇങ്ങനെ എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടൊ? ഭിന്ന-ഭിന്ന വ്യക്തികൾ പ്രകടിപ്പിച്ച ഒരേ തരത്തിലുള്ള മോശമായ-പെരുമാറ്റം എന്തുകൊണ്ട് നെന്നിൽ കൂടുതലും-കുറച്ചും ദുഖം അനുഭവപ്പടുത്തുന്നു? കുറച്ചു ശ്രദ്ധിച്ചാൽ സത്യം സ്പഷ്ടമായി മനസ്സിലാവാൻ തുടങ്ങും. നീ ആരെ എപ്പോഴെങ്കിലും നിൻറെയായി കരുതിയിട്ടുണ്ടൊ, അവരുടെ ദൃഷ്ടി മാറുമ്പോഴാണ് നീ ഇത്രയും അസ്വസ്ഥനായിതീരുന്നത്. നീ ആരെ നിൻറെയായി കരുതിയിരുന്നില്ലയൊ, അവരുടെ ദൃഷ്ടി മാറുമ്പോഴും ദുഖിതരായാലും അത്ര ആഴത്തിൽ ദുഖിക്കാറില്ല, അത്ര നേരം ദുഖം നില നിൽക്കാറുമില്ല. ആയതിനാൽ ഗഹനമായ ദുഖം വെറും കടുത്ത മോശ-പെരുമാറ്റം കാരണം അല്ല ഉണ്ടാകുന്നത്. ഗഹനമായ ദുഖം മോശമായ പെരുമാറ്റം ചെയ്യുന്ന വ്യക്തിയോടുള്ള നിൻറെ സ്വജനഭാവം കാരണമാണ്. ആരെ നീ നിൻറേതായി കരുതിയൊ, അവരിൽ നിന്ന് ഇതും അപേക്ഷിക്കാൻ തുടങ്ങി – അവരുടെ സകല പെരുമാറ്റവും നിൻറെ ഇച്ഛയനുസ്സരിച്ചായിരിക്കണം. നിൻറെ ഇച്ഛയനുസ്സരിച്ചാ യില്ലെങ്കിൽ അവർ നിൻറെ സ്വജനനെങ്ങിനെയായി?അതായത് എവിടെ നിൻറെ സ്വജനനുമായ സംബന്ധം നഷ്ടപ്പെട്ടുവൊ അവിടെ തന്നെ നിൻറെ ദുഖം വർദ്ധിക്കാൻ തുടങ്ങി.ആരെ സ്വന്തം എന്ന് കരുതിയിരുന്നുവൊ അവരുമായി അനേകം സ്വപ്നങ്ങൾ കണ്ടിരുന്നു, എന്നാൽ ആ സംബന്ധം ഭഞ്ജിക്കപ്പെടുമ്പോൾ സ്വപ്നങ്ങളും ഭഞ്ജിക്കപ്പെടും. അതായത് – ഇതെൻറെ മകനാകുന്നു. ഇവനെ ഞാൻ ഊട്ടി വളർത്തി ഇത്ര വലുതാക്കി. പഠിപ്പിച്ചു, കഴിവുകളും പഠിപ്പിച്ച് സംബാധിക്കാറും ആക്കി. ഇതെല്ലാം ഇതിനുവേണ്ടിയാണ് – ഞാൻ വൃദ്ധനാകും, നൊണ്ടിയാകും, ദുർബലനാകും,

സംബാദിക്കാനുള്ള ശേഷിയുണ്ടാവില്ല. അപ്പോൾ അവനെന്നെ നോക്കും, പരിചരിക്കും, ആജ്ഞ പാലിക്കും, എൻറെ ഇച്ചകൾ പൂർത്തീകരിക്കും. എന്നാൽ ഉടൻ തന്നെ ഈ മോഹം നിറഞ്ഞ സ്വപ്നത്തിന് ഘനത്ത തിരിച്ചടി കിട്ടി. തൻറെ കാലിൽ നിൽക്കാൻ തുടങ്ങിയതോടെ ഇതേ മകൻ അവഗണിക്കാനും പുച്ഛിക്കാനും തുടങ്ങി. എൻറെ ആവശ്യമില്ലാത്തതുകാരണം എന്നെ ആദരിക്കുന്നതുപോലുമില്ല. എൻറെ സ്വപ്നത്തിൻറെ സുന്ദരമായ കോട്ട ഇടിഞ്ഞു വീണു പോയി.

അഥവാ – ഇതെൻറെ അച്ഛനാണ് – എന്നെ എത്ര സ്നേഹിക്കുന്നു. ഞാൻ വല്ല തെറ്റു ചെയ്താലും സദാ മാപ്പാക്കാറുണ്ട്. മറ്റുള്ളവരുടെ മുന്നിൽ എൻറെ തെറ്റുകളെ മറച്ചു പിടിക്കാറും, എൻറെ ഗുണങ്ങളെ ഉയർത്തി ക്കാട്ടാറുമുണ്ട്. ആരോടൊപ്പം ചണ്ട കൂടിയാലും സദാ എൻറെ പക്ഷം എടുക്കാറുണ്ട്. എത്ര മാത്രം സ്നേഹം വർഷിക്കുന്നു. ഇവർ സദാ സമയം എനിക്ക് ഇതേ പോലെ സ്നേഹം നൽകിക്കൊണ്ടേ പോകും. സദാ സമയം എൻറെ പക്ഷം എടുത്തുകൊണ്ടേ പോകും. അച്ഛനെക്കുറിച്ച് ഇത്തരം സ്വപ്നങ്ങൾ ഞാൻ നെയ്തുകൊണ്ടിരിക്കും. പക്ഷെ ഒരു ദിവസം കണ്ടു – അവർ അവരുടെ ഇളയ മകനെ കൂടുതൽ സ്നേഹിക്കുന്നു. അവന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. അവൻറെ പക്ഷമാണ് കൂടുതലും എടുക്കുന്നത്. എന്നെ എത്ര അവഹേളിക്കുന്നു, അവനെ എത്ര മാത്രം സ്നേഹിക്കുന്നു. അച്ഛനെക്കുറിച്ച് ഉണ്ടാക്കിയ സ്നേഹമൂർത്തി ഇതോടെ ഭംഗമാകാൻ തുടങ്ങി. ഇപ്പോൾ എൻറെ മനസ്സിൽ സ്നേഹിച്ച പിതാവ് എനിക്ക് അനിഷ്ടപ്പെടാൻ തുടങ്ങി.

അഥവാ – ഇതെൻറെ ഏട്ടനാണ്. തൻറെ പ്രാണനേക്കാൾ സ്നേഹിക്കുന്നു എന്നെ. ഇളയതാണെങ്കിൽ എന്നോടെത്ര ആദരവോടെ പെരുമാറുന്നു, മൂത്തതാണെങ്കിൽ എന്നോടെത്ര സ്നേഹം കാണിക്കുന്നു. ഞങ്ങളുടെ സ്നേഹം ആളുകൾക്ക് ചർച്ചാവിഷയമായിരിക്കുന്നു. പക്ഷെ കാലം മാറുന്നു. ഞാൻ കാണുന്നു- എൻറെ സഹോദരനെക്കുറിച്ചുള്ള ഞാൻ തയ്യാറാക്കിയ സുന്ദരമായ ചിത്രത്തിൻറെ ചായത്തിൽ മങ്ങൽ വരാൻ തുടങ്ങി.അതിപ്പോൾ കുരൂപമായി തോന്നാൻ തുടങ്ങി.കാരണം അവൻറെ തനി സ്വാർത്ഥം പൊങ്ങി വരാൻ തുടങ്ങി. അതെൻറെ സ്വാർത്ഥത്തിനോടൊപ്പം കൂട്ടിമുട്ടാൻ തുടങ്ങി.അവൻ സദാ സമയം അവൻറെ സ്വാർത്ഥത്തിൻറെ കാര്യമെ പറയൂ.എൻറെ സ്വാർത്ഥം സദാ സമയം കാണാതെ പോകുന്നു. ഇത്തരം സഹോദരൻ ഇപ്പോൾ എന്നെ അകത്തോടകത്ത് മുറിവേൽപ്പിക്കുന്നു.

അഥവാ – ഇതെൻറെ ഭാര്യാ. എത്ര സ്നേഹം നിറഞ്ഞവൾ!എത്ര പതിവ്രതാ! എത്ര ആജ്ഞ പാലിക്കുന്നവൾ. എത്ര പരിചരിക്കുന്നവൾ. ഇവളോടൊപ്പം എത്ര സ്നഹം നിറഞ്ഞ ജീവിതം ജീവിക്കാൻ ആഗ്രഹിച്ച്, എത്ര സുന്ദരമായ സ്വപ്നങ്ങൾ നെയ്തെടുത്തു ഞാൻ. എന്നിട്ടിവൾക്ക് ഇപ്പോൾ ഇതെന്തു പറ്റി? ഈ എൻറെ സ്വപ്നത്തിലെ രാണി! ഇവളുടെ നിറവും തരവും, പെരുമാറ്റവും വെത്യാസപ്പെട്ടതായി തോന്നി തുടങ്ങുന്നു. വിശ്വസ്ഥ ഭാര്യയെ സംദേഹിക്കാൻ തുടങ്ങി ഞാൻ. എന്നിട്ട് ഇവളോട് മനസ്സിൽ തോന്നിയ ആകർഷണം കർപൂരം പോലെ ആവിയായി എവിടെ പോയി?

അഥവാ – ഇതെൻറെ ഭർത്താവ്. സ്നേഹമൂർത്തി, സ്നേഹസാഗരം. എന്നേയല്ലാതെ മറ്റാരേയും കണ്ണെടുത്ത് നോക്കുകപോലുമില്ല. എൻറെ സ്വപ്നത്തിലെ ദേവത! പെട്ടെന്നിവർക്ക് ഇതെന്തു സംഭവിച്ചു?വല്ല മന്ത്രവാദിനിയും ഇവരുടെ നേരെ വല്ല കൂടോത്രവും ചെയ്തുവൊ?ഈ ഇട ഇവർ എന്നിൽ നിന്ന് അകന്നകന്ന് ഇരിക്കാൻ തുടങ്ങിയിരിക്കുന്നു. ഇവരുടെ സകല പ്രവർത്തികളും എനിക്ക് അപ്രിയമായി തോന്നുന്നു.

അഥവാ – ഇതെൻറെ മരുമകൾ. വീട്ടിൽ കാലു കുത്തിയ മുതൽ ഇവളെ ഓർത്ത് എത്ര സുന്ദരമായ സ്വപ്നങ്ങൾ നെയ്യുകയുണ്ടായി ഞാൻ - ഇവൾ എന്നെ നല്ലപോലെ പരിചരിക്കും, സദാ എൻറെ മനസ്സിനനുകൂല മായിരിക്കും, എന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. പക്ഷെ സകല സ്വപ്നങ്ങളും ശീഗ്രം തകർന്നു പോയി. സ്വയം തന്നിഷ്ടക്കാരിയായി താനും, കൂടാതെ എൻറെ പ്രിയപ്പെട്ട ആജ്ഞ പാലിക്കുന്ന മകനേയും എൻറെ വിരോധിയാക്കി ഈ കുലദ്രോഹി.

അഥവാ – ഇതെൻറെ ഗുരു, എന്നോടെത്ര കൃപ കാണിക്കുന്നു. ഞാനിവരുടെ മുഖ്യ ശിഷ്യനായിത്തീരും. ഞാനിവരുടെ സ്ഥാനത്ത് ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സാധ്യതയുണ്ട്. പക്ഷെ പെട്ടെന്നിവർക്ക് ഇതെന്തു പറ്റി. ഇപ്പോൾ ഇവർ എനിക്ക് അത്ര പ്രാധാന്യം എന്തുകൊണ്ട് തരുന്നില്ല? എൻറെ കനിഷ്ഠ ശിഷ്യന്മാർക്ക് എന്തുകൊണ്ട് കൂടുതൽ പ്രാധാന്യം കൊടുക്കാൻ തുടങ്ങി?

അഥവാ – ഇതെൻറെ ശിഷ്യൻ, വളരെ വിനീതൻ!വളരെ ശ്രദ്ധാസംപ്പന്നൻ! ഇവൻ സദാ ഇതേ പോലെയിരിക്കും. പക്ഷെ അല്ല, അങ്ങിനെയുണ്ടായില്ല. എത്ര മാറിക്കളഞ്ഞു! ഇപ്പോൾ അവൻറെ ഇച്ചക്ക് പ്രാധാന്യം കൊടുക്കാൻ തുടങ്ങി, എൻറെ ഇച്ചാവിരുദ്ധമായി തന്നിഷ്ടം ചെയ്തു തുടങ്ങി. സ്വപ്നം തകർന്നു, ആശകൾ തകർന്നു....ആദി, ആദി.

ഇപ്രകാരം എപ്പെപ്പോൾ നിനക്ക് ഉറ്റ പ്രയമായവർ നിൻറെ ഇച്ചക്ക് പ്രതികൂലമായി പ്രവർത്തിക്കുന്നുവൊ, നിൻറെ സ്വപ്നത്തിനു വിപരീതമായി പ്രവർത്തിക്കുന്നുവൊ അപ്പ പ്പോൾ അവരോടുള്ള നിൻറെ എല്ലാ സ്നേഹസംബന്ധവും തകരാൻ തുടങ്ങുന്നു. ഇതിൽ നിന്ന് ഇത് വ്യക്തമാണ് – വാസ്ഥവത്തിൽ നീ സ്നേഹിക്കുന്നത് അച്ഛനെയൊ അമ്മയേയൊ അല്ല, പ്രിയങ്കരനെയല്ല, പുത്രനെയല്ല, സഹോദരനൊ, ബന്ധുക്കളേയൊ അല്ല, സഖിയെയല്ല – **നത്ഥി അത്ത സമം പേമം** – ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് നീ നിന്നേത്തന്നെയാണ്. ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് നീ നിൻറെ സ്വപ്നങ്ങളേയാണ്, തൻറെ ഉത്കർഷിച്ഛയേയാണ് (അതിമോഹങ്ങളേയാണ്).

ആരൊക്കെ നിൻറെ ഈ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ നിൻറെ കൂടെ നിൽക്കുന്നുവൊ അവരവർ പ്രിയമാണ്. ആരൊക്കെ കൂടെ നിൽക്കുന്നില്ലയൊ അവരൊക്കെ അപ്രിയമാണ്. എപ്പെപ്പോൾ കൂടെയുണ്ടൊ അപ്പപ്പോൾ പ്രിയമാണ്. എപ്പെപ്പോൾ ബാധ സൃഷ്ടിക്കുന്നുവൊ അപ്പപ്പോൾ അപ്രിയമാണ്. എത്രക്കെത്ര കൂടെയുണ്ടൊ

അതക്രത്ര പ്രിയമാണ്. എത്രക്കത്ര ബാധ സൃഷ്ടിക്കുന്നുവൊ അതക്രത്ര അപ്രിയമാണ്. ആര് നിൻറെ സ്വപ്നങ്ങൾക്കനുകൂലമായി പ്രവർത്തിക്കുന്നുവൊ അവർ നിൻറെ പിതാവല്ലെങ്കിൽപോലും നിനക്ക് പിതാവിനെപോലെയുള്ള ആദരവ് അവരോട് തോന്നും. പുത്രനല്ലെങ്കിൽപോലും പുത്രനെപോലെ പ്രിയങ്കരനായി തോന്നും, സഹോദരനല്ലെങ്കിൽപോലും സഹോദരനെപോലെ പ്രിയങ്കരനായി തോന്നും. അവരുടെ ഓരൊ പ്രവർത്തിയും നിനക്ക് നല്ലതായി തോന്നും, ഓരൊ വാക്കും നിനക്ക് പഞ്ചാര വാക്കായി തോന്നും. എന്നാൽ നിൻറെ സ്വപ്നത്തിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവർ പിതാവാണെങ്കിലും ശത്രുവായി തോന്നുന്നു. അവർ പുത്രനാണെങ്കിലും ശത്രുവായി തോന്നുന്നു. സഹോദരനാണെങ്കിലും വിഷം പോലെ തോന്നുന്നു. അവരുടെ ഓരൊ പ്രവർത്തിയും കണ്ണിൽ മുള്ളു കുത്തുന്നതുപോലെ, ഓരൊ വാക്കും ഹൃദയത്തിൽ വിഷം മുക്കിയ ബാണം പോലെ തറക്കുന്നു. ഏതേത് വ്യക്തികളുടെ ആശാ-അഭിലാശകൾ നിൻറെ ആശാ-അഭിലാശകളുമായി സാമ്യപ്പെട്ട് അനുകൂല ദിശാഗമനം ചെയ്യുന്നുവൊ അതാത് വ്യക്തികൾ നിനക്ക് പ്രിയമായി തോന്നുന്നു. ആരുടെ സ്വപ്നങ്ങൾ നിൻറെ സ്വപ്നവുമായി ഏറ്റുമുട്ടുന്നുവൊ, ആരുടെയൊക്കെ ആശാ-അഭിലാശകൾ നിൻറെ ആശാ-അഭിലാശകൾക്ക് വിപരീതമായ ദിശാഗമനം ചെയ്യുന്നുവൊ അവരൊക്കെ നിനക്ക് കടുവായി തോന്നുന്നു.

വല്ല അപരിചിതനുമായി നീ നിൻറെ സ്വപ്നങ്ങളൊപ്പിക്കാറില്ല. അടുപ്പമും ഉറ്റവനുമായാണ് തൻറെ ഭാവി സ്വപ്നങ്ങൾ ബന്ധിപ്പിക്കാറുള്ളത്. എന്നിട്ട് അതേക്കുറിച്ചു തന്നെ എപ്പോൾ നിൻറെ സ്വപ്നങ്ങൾ തകരുന്നുവൊ അപ്പോൾ അവർ തന്നെ ഇഷ്ടപ്പെടാത്തതാകുന്നു. അവരുടെ പെരുമാറ്റം അത്യന്തം അപ്രിയമായി തോന്നുന്നു. അവരുടെ തന്നെ വാക്കുകൾ നിന്നെ തറക്കാൻ തുടങ്ങുന്നു.

നീ ആശിക്കുന്നു – എല്ലാവരും നിന്നോട് പുഞ്ചിരിച്ചു കൊണ്ട് സംസാരിക്കണം, കാരണം ആരെങ്കിലും നിന്നോട് പുഞ്ചിരിച്ച് സംസാരിച്ചാൽ നിനക്ക് ഇഷ്ടപ്പെടുന്നു. നീ ആശിക്കുന്നു – ആരും എന്നെ അവഗണിക്കരുത്, കാരണം അവഗണിച്ചാൽ നിനക്ക് ഇഷ്ടപ്പെടുന്നില്ല. പക്ഷെ നീ ഇതെന്തുകൊണ്ട് മനസ്സിലാക്കുന്നില്ല – ഇന്നലെ വരെ നിന്നെ പ്രേമിച്ച വ്യക്തി, അവഗണിക്കാത്ത വ്യക്തി, അവർ ഇന്ന് പെട്ടെന്ന് എന്തുകൊണ്ട് മാറിപ്പോയി? വ്യക്തമാണ് – അവന് ബോധ്യപ്പെട്ടു കഴിഞ്ഞു – ഇപ്പോൾ നീ അകത്തോടകത്ത് അവൻറെ സ്വപ്നങ്ങളുടെ വേരുകളെ ചതക്കാൻ തുടങ്ങി. നീ നിൻറെ സ്വപ്നങ്ങളെ പൂർത്തിയാക്കാൻ അവൻറെ സ്വപ്നങ്ങളെ തകർക്കുന്നു. എന്നാൽ ഓരൊ വ്യക്തിക്കും അവരവരുടേതായ സ്വപ്നങ്ങളുണ്ട്. ഓരൊ വ്യക്തിക്കും അവരുടെ സ്വപ്നങ്ങളുമായി ആസക്തിയുണ്ടാകും. ഈ അവസ്ഥയിൽ തൻറെ സ്വപ്നങ്ങളുമായി ആസക്തി പുലർത്തുന്ന വ്യക്തിക്ക് നെന്നിൽ നിന്ന് മുഖം തിരിക്കുകയല്ലാതെ വേറെ എന്തു ചെയ്യാൻ സാധിക്കും? നീ നിൻറെ അകത്ത് നോക്ക്. നീയും എപ്പോൾ ആരേയെങ്കിലും നിൻറെ സ്വപ്നങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് കണ്ടാൽ അപ്പോൾ തന്നെ വെറുപ്പു കൊണ്ട് നിറയുകയും അവരോടൊപ്പം ഉള്ള എല്ലാ പ്രിയ സംബന്ധങ്ങളും തകർക്കുകയും ചെയ്യുന്നു. അവരോട് കടു വാക്കുകൾ പറയാൻ തുടങ്ങുന്നു. അവരെ അനാദരിക്കുന്നു. ആയതിനാൽ ഇപ്രകാരം അന്യനും നിന്നോട് പെറുമാറിയാൽ അതിൽ എന്തു പത്രമ?

മനസ്സിലാക്കൂ, വിവരമില്ലാത്ത മനസ്സെ! നിൻറെ അവസ്ഥ എന്താണൊ അതേ അവസ്ഥ തന്നെ എല്ലാവരുടേയും. എപ്രകാരം നിനക്ക് നിൻറെ സ്വപ്നങ്ങൾ പ്രിയമാണൊ അതേ പോലെ മറ്റുള്ളവർക്കും അവരവരുടെ സ്വപ്നങ്ങൾ പ്രിയമാണ്. എപ്രകാരം നിനക്ക് നിൻറെ അത്യാശകളെ പൂരിപ്പിക്കുന്നതിനുപരി വേറൊന്നും തോന്നുന്നില്ല അതേ ദശ മറ്റുള്ളവരുടേതുമാണ്. എല്ലാവരും ഒരേ തരത്തിലുള്ള തീജ്വാലയിൽ ജ്വലിച്ചുകൊണ്ടു പോകുകയാണ്.

മനസ്സിലാക്കൂ, ഈ സ്വഭാവത്തിൻറെ തനി രഹസ്യം മനസ്സിലാക്കൂ! ആദ്യമായി നീ ഭാവിയെക്കുറിച്ച് സുവർണ്ണ ആശകളുടെ കൽപനയെ ആധാരമാക്കി സ്വപ്നം രചിച്ചു. എന്നിട്ട് ഈ സ്വപ്നങ്ങളോട് ഗഹനമായ ആസക്തി ജനിപ്പിച്ചു. എന്നിട്ട് – ഈ സ്വപ്നങ്ങളെ പൂരിപ്പിക്കുന്നതിൽ നിൻറെ ഭാവി സുരക്ഷ ആശ്രയിക്കുന്നു – എന്ന് കരുതാൻ തുടങ്ങി. ഈ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചില്ലെങ്കിൾ എനിക്ക് എന്തു സംഭവിക്കും? ഈ ഭയവും ആശങ്കയും മൂലം ഭാവി കാലത്തെക്കുറിച്ച് ചിന്തയാൾ അസ്വസ്ഥനായിത്തീരാൻ തുടങ്ങി. നീ സദാ അസുരക്ഷ അനുഭവപ്പെടാൻ തുടങ്ങി. ഈ അസുരക്ഷിതമായ അവസ്ഥയിൽ തൻറെ വല്ല അടുപ്പമുള്ള പരിചയക്കാരനെ തൻറെ സുരക്ഷാകേന്ദ്രത്തിൻറെ രൂപത്തിൽ കാണാൻ തുടങ്ങി. അവരോടുള്ള മുഴുവൻ സംബന്ധവും ഈ സുരക്ഷാമൂലമാണുണ്ടായത്. ആര് എത്ര അടുപ്പമുള്ളതൊ അവർ നിൻറെ സുരക്ഷക്കായി അത്രയും ബലമായ കോട്ടയായിത്തീർന്നു. എന്നിട്ട് എപ്പെപ്പോൾ ആ കോട്ട തകരുന്നതായി കാണുന്നുവൊ അപ്പപ്പോൾ നീ വളരെ അസ്വസ്ഥനായിത്തീരുന്നു. ഏതൊക്കെ അപരിചിതമായ വ്യക്തികളുമായി നിൻറെ മനസ്സിൽ ഭാവിസുരക്ഷ സംബന്ധമായ ഒരിക്കലും വല്ല ആശ ജനിച്ചതേയില്ലയൊ, അവരുടെ സ്വീകാര്യമല്ലാത്ത പെരുമാറ്റം നിന്നെ ഇത്രക്ക് ദുഖിതനൊരിക്കലും ആക്കിയില്ല. പക്ഷെ ആരാരോട് നീ നിൻറെ ഭാവി സുരക്ഷയുടെ ആശകൾ ബന്ധിപ്പിച്ചുവൊ, അവരവരുടെ പെരുമാറ്റം മാറുന്നത് കണ്ട് നീ എത്ര മാത്രം അസ്വസ്ഥനായി. ആയതിനാൽ പറയുകയാണ് – ആരുടെ കടു വാക്കുകൾ നിന്നെ ഇതേവരെ അസ്വസ്ഥനാക്കിവെച്ചിട്ടുണ്ടൊ, അവർ തീർച്ചയായും നിൻറെ വല്ല അടുപ്പമുള്ളവനാണ്. അവരോട് നിൻറെ മനസ്സിൽ വളരെ വലിയ-വലിയ ആശകളുണ്ടായിരുന്നു. അവരിൽ നീ നിൻറെ സുവർണ്ണ സ്വപ്നങ്ങൾ സാധിച്ചെടുക്കാനുള്ള വഴി കണ്ടിരുന്നു. എന്നിട്ടവരുടെ ഈ ആഗ്രഹിക്കാത്ത, അപ്രത്യാശിതമായ പെരുമാറ്റം നിൻറെ സകല ആശകളിലും കോട്ടം വരുത്തുന്നതായി. ഇതു തന്നെയാണ് നിൻറെ അഗാധമായ അസ്വസ്ഥതയുടെ മുഖ്യമായ കാരണം.

ആയതിനാൽ ഓ എൻറെ അബോധ മനസ്സെ! തൻറെ അസ്വസ്ഥതയിൽ നിന്ന് മുക്തി നേടാൻ ഈ ഉപരിതലത്തിലുള്ള

കാരണങ്ങളിൽ കുടുങ്ങുന്നതവസാനിപ്പിക്കൂ. മൂലമായ കാരണം മനസ്സിലാക്കി അതിനെ ദൂരീകരിക്കാൻ പഠിക്കൂ. ഈ – തന്നോട് ഗഹനമായ ആസക്തി ജനിപ്പിച്ചിരിക്കുകയാണ്, തൻറെ സ്വപ്നങ്ങളോട് ഗഹനമായ ആസക്തി ജനിപ്പിച്ചിരിക്കുകയാണ് - ഇതിനെ ദൂരീകരിക്കൂ. ഈ ഞാൻ നോട് ജനിപ്പിക്കുന്ന ആസക്തി, ഈ കൽപിത സ്വപ്നങ്ങളോട് ജനിപ്പിക്കുന്ന ആസക്തി, ഈ ഭംഗുരമായ വ്യക്തിയോട് ജനിപ്പിക്കുന്ന ആസക്തി, വല്ല പരിവർത്തനശീലമായ സ്ഥിതികളോട് ജനിപ്പിക്കുന്ന ആസക്തി അസ്വസ്ഥത തന്നെ ജനിപ്പിക്കുകയുള്ളൂ. ആയതിനാൽ ആരോടൊപ്പവും ആശനിറഞ്ഞ കണ്ണുകളോടെ നോക്കി-നോക്കി അതിൻറെ സഹായത്താൽ സുവർണ്ണ സ്വപ്നങ്ങൾ നെയ്യുന്ന ദുഖജനനിയായ ഈ സ്വഭാവം തെജിക്കൂ. ഇത്തരം സ്വപ്നങ്ങൾ സദാ പൂർണ്ണമായെന്ന് വരില്ല. ചിലപ്പോൾ ചിലത് പൂർത്തിയായാൽ പോലും അനേകം പുതിയ പുതിയ സ്വപ്നങ്ങൾ ജനിക്കും. ആശനിറഞ്ഞ സ്വപ്നങ്ങളുടെ വരി നീണ്ടു നീണ്ടു പോകും. എന്നിട്ട് ഏതെങ്കിലും ഒരു സ്വപ്നം പൂർത്തിയായില്ലെങ്കിൽ അഥവാ പൂർത്തിയായി നഷ്ടപ്പെട്ടെങ്കിൽ അപ്പോൾ വളരെ ദുഖിതനാകുന്നു, എന്നിട്ട് ഇതിനു പത്ര്യക്ഷമായ കാരണമാകുന്ന ഓരൊ വ്യക്തിയും ശതൃുവായി തോന്നുന്നു. ഈ സത്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് വല്ല സ്വജനങ്ങളൊട് ദേഷ്യപ്പെടുന്നതിനു പകരം തൻറേതായ ഈ കമനീയമായ കൽപിത ആശകളോടുള്ള ആസക്തിയിൽ നിന്ന് പുറത്തു വരൂ. എന്നിട്ട് വിപശ്യന സാധനാ മൂലം ഈ ദുഖത്തിൻറെ വേരുകൾ അറത്ത് വാസ്ഥവമായ സുഖം പ്രാപിക്കൂ. ഇതിലാണ് ശാന്തി കണ്ടെത്താൻ കഴിയുന്നത്, ഇതിൽ തന്നെയാണ് മുക്തി, ഇതിൽ തന്നെയാണ് മംഗളം. (source:10-11-73ഹിന്ദിപത്രിക).